നം.2977/ഇ2/2024/കെഎസ്എച്ച്ഒ 13-12-2024

# കുടുംബശ്രീ കരാർ നിയമനം

## വിജ്ഞാപനം - (Code : dpmgender)

കുടുംബശ്രീ സംസ്ഥാന/ജില്ലാ മിഷനുകളിൽ ഒഴിവുള്ള സ്റ്റേറ്റ് അസിസ്റ്റൻറ് പ്രോഗ്രാം മാനേജർ/ജില്ലാ പ്രോഗ്രാം മാനേജർ (ജെൻഡർ, സോഷ്യൽ ഡെവലപ്പ്മെൻറ്, ട്രൈബൽ) തസ്തികയിലേയ്ക്ക് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം കരാർ വ്യവസ്ഥയിലായിരിക്കും.

1. **തസ്തിക** : സ്റ്റേറ്റ് അസി.പ്രോഗ്രാം മാനേജർ / ജില്ലാ പ്രോഗ്രാം മാനേജർ (ജെൻഡർ, സോഷ്യൽ ഡെവലപ്പ്മെൻറ്, ട്രൈബൽ)

2. **ഒഴിവ്** : 1 (ഒരു വർഷത്തേയ്ക്ക് കുടുംബശ്രീ മിഷനിൽ പ്രസ്തുത തസ്തികകളിൽ വരുന്ന ഒഴിവുകളിലേയ്ക്ക് ഈ വിജ്ഞാപന പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്).

3. **നിയമന രീതി** : കരാർ നിയമനം
(കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ ആ സാമ്പത്തിക വർഷം അവസാനിക്കുന്ന തീയതി വരെയായിരിക്കും കരാർ കാലാവധി)

4. **വിദ്യാഭ്യാസ യോഗ്യത** : എം.എസ്.ഡബ്ല്യൂ അല്ലെങ്കിൽ റൂറൽ ഡെവലപ്പ്മെൻറിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ആന്ത്രപ്പോളജി/ വിമൻസ്റ്റഡീസ്/സോഷ്യോളജി / പൊളിറ്റിക്കൽ സയൻസ് / ഗാന്ധിയൻ സ്റ്റഡീസ്/ഡെവലപ്പ്മെൻറ് സ്റ്റഡീസ് എന്നിവയിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത അല്ലെങ്കിൽ **M.Com Specialisation in Rural Management**.

5. **പ്രായപരിധി** : 30/11/2023 ന് 40 വയസ്സിൽ കൂടാൻ പാടുള്ളതല്ല

6. **പ്രവൃത്തിപരിചയം**
സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ, പ്രോജക്ടുകൾ എന്നിവയിൽ സ്ത്രീശാക്തീകരണം സംബന്ധിച്ച മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.

7. **വേതനം** : 30,000 രൂപ പ്രതിമാസം.

8. **ജോലിയുടെ സ്വഭാവം**
1. കുടുംബശ്രീ മിഷനിലെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
2. സംസ്ഥാനത്തിനകത്തും, പുറത്തുമായി ഫീൽഡ്തല പ്രവർത്തനങ്ങൾ
3. അപേക്ഷാർത്ഥികൾ 500 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**
1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ് (സി.എം.ഡി) മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

**10. നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.

2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച് അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തുപരീക്ഷയും, ഇൻററർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇൻറർവ്യൂവുമോ ഏതാണ് അനുയോജ്യമായത് ആ രീതിയിൽ നിയമനപ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

3. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. അപേക്ഷകൾ **www.cmd.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **Online** ആയി സമർപ്പിക്കേണ്ടതാണ്.

**12. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : ........17.../...01/2025, വൈകുന്നേരം 5 **മണി**

**13. മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, **Online** അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.

2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം **Online** ആയി അടയ്ക്കാവുന്നതാണ്.

3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.

4. റാങ്ക് ലിസ്റ്റിൻറെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.

5. പ്രസ്തുത തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ട പ്രവൃത്തിപരിചയം നിയമനം ലഭിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. പുതിയ തസ്തികയിൽ പ്രവേശിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

Signed by Dineshan H
Date: 13-12-2024 14:27:34